**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - കൈറ്റ് - 'ലിറ്റിൽ കൈറ്റ്സ് ' അംഗങ്ങൾക്ക് 2019 - 2020 അദ്ധ്യയനവർഷം മുതൽ ഗ്രേസ് മാർക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.1074/ 2020/ പൊ.വി.വ.** തീയതി, തിരുവനന്തപുരം, 02.03.2020

---

പരാമർശം:- 1) സ.ഉ.(സാധാ) നം. 1124/ 2013/ ആഭ്യന്തരം തീയതി 24.04.2013.

2) സ.ഉ.(സാധാ) നം. 361/ 2018/ പൊ.വി.വ തീയതി 20.01.18.

3) കേരള ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ 27.12.2018- ലെ ബോർഡ് ഓഫ് ഡയറക്ടേഴ്സ് എട്ടാമത് മീറ്റിങ്ങിന്റെ മിനിട്ട്സ്.

4) കൈറ്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 10.01.2020- ലെ KITE/ 2020/ 1562 നമ്പർ കത്ത്

**ഉത്തരവ്**

പൊതുവിദ്യാഭ്യാസ മേഖലയിലെ കാലോചിതമായ ആധുനികവൽക്കരണത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന ഹൈടെക് സ്കൂൾ പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് വിവരവിനിമയ സാങ്കേതിക വിദ്യയിൽ കൂടുതൽ പരിശീലനം നൽകി വിദ്യാർത്ഥികളെ സജ്ജമാക്കുന്നതിന് 'ലിറ്റിൽ കൈറ്റ്സ്' യൂണിറ്റുകൾ ആരംഭിക്കുന്നതിന് കൈറ്റിനെ ചുമതലപ്പെടുത്തിക്കൊണ്ട് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

പ്രത്യേക അഭിരുചി പരീക്ഷയുടെ അടിസ്ഥാനത്തിൽ ഒമ്പതാം ക്ലാസ്സിലെ 20 മുതൽ 40 വരെ വിദ്യാർത്ഥികളെ ഉൾപ്പെടുത്തിയാണ് യൂണിറ്റുകൾ ആരംഭിക്കുന്നത്. ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെയാണ് യൂണിറ്റിന്റെ പ്രധാന പ്രവർത്തനങ്ങൾ. ആഴ്ചയിൽ ഒരു മണിക്കൂർ എന്ന രീതിയിൽ ഒരു മാസം ആകെ 4 മണിക്കൂറാണ് ഔദ്യോഗിക പരിശീലനം. അവധിക്കാല ക്യാമ്പുകൾ (സ്കൂൾ, വിദ്യാഭ്യാസ ഉപജില്ല, ജില്ല, സംസ്ഥാനതലം) സന്നദ്ധ പ്രവർത്തനങ്ങൾ ഹൈടെക് പദ്ധതിയുമായി ബന്ധപ്പെട്ട സ്കൂൾതല പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ - പൊതു പരിപാടികൾ തുടങ്ങിയവയിൽ നേതൃത്വപരമായ പങ്കാളിത്തം പദ്ധതിയുടെ ഭാഗമാണ്. അംഗങ്ങൾക്ക് ഗ്രാഫിക്സ്, മൾട്ടിമീഡിയ, അനിമേഷൻ, ഇലക്ട്രോണിക്സ്, പ്രോഗ്രാമിംഗ്, മൊബൈൽ ആപ് നിർമ്മാണം, ഹാർഡ്‌വെയർ തുടങ്ങിയ മേഖലകളിൽ വിദഗ്ധ പരിശീലനം നൽകുന്നുണ്ട്. സ്കൂൾ പഠനസമയത്തെ ബാധിക്കാത്ത സമയങ്ങളിലും അവധി ദിവസങ്ങളിലുമാണ് പരിശീലനം.

ലിറ്റിൽ കൈറ്റ്സ് പദ്ധതി പരിശീലനങ്ങളിലെ പങ്കാളിത്തം, അസൈൻമെന്റ് പൂർത്തീകരണം, ഹാജർ നില, പ്രത്യേക മൂല്യനിർണയം എന്നിവയ്ക്ക് ലഭിക്കുന്ന സ്കോറിന്റെ അടിസ്ഥാനത്തിൽ A, B, C ഗ്രേഡുകളിലുള്ള സർട്ടിഫിക്കറ്റുകൾ അംഗങ്ങൾക്ക് നൽകുന്നതിന് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ പരിഗണിച്ച് സമാനമായ പദ്ധതികൾക്ക് ഗ്രേസ് മാർക്ക് അനുവദിക്കുന്നിടത്തോളംകാലം ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും ഗ്രേസ് മാർക്ക് അനുവദിക്കുന്നതിന് പരാമർശം (3) പ്രകാരം കൈറ്റ് ഡയറക്ടർ ബോർഡ് ശുപാർശ ചെയ്തിരുന്നു. പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി അംഗങ്ങൾക്ക് ഗ്രേസ് മാർക്ക് നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ, ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് ഗ്രേഡ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഗ്രേസ് മാർക്ക് അനുവദിക്കുന്നതിന് അനുമതി നൽകണമെന്നഭ്യർത്ഥിച്ച് പരാമർശം (4) പ്രകാരം കൈറ്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കത്ത് സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലിറ്റിൽ കൈറ്റ്സ് പദ്ധതിയിലെ A ഗ്രേഡുകൾ ലഭിക്കുന്ന അംഗങ്ങളിൽ എസ്.എസ്.എൽ.സി പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് 2019-2020 അദ്ധ്യയനവർഷം മുതൽ 5 % ഗ്രേസ് മാർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എ.ഷാജഹാൻ**

**സെക്രട്ടറി**

ചെയർമാൻ, കൈറ്റ്, തിരുവനന്തപുരം

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, പരീക്ഷാഭവൻ, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ